## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 212** — **14.02.2013-ലെ മറുപടിക്ക്**

## ജനറിക് നെയിമും ബ്രാൻഡ് നെയിമും എഴുതാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർമാർ മരുന്ന് കുറിയ്ക്കുമ്പോൾ, ജനറിക് നെയിം മാത്രം എഴുതുന്നതുകൊണ്ട് സാധാരണ രോഗികൾ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) ബാധകമല്ല. |
| (സി) ജനറിക് നെയിമിനോടൊപ്പം ബ്രാൻഡ് നെയിം കൂടി എഴുതുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) ജനറിക് നെയിം എഴുതുന്ന മരുന്നുകൾ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായാണ് രോഗികൾക്ക് നൽകിവരുന്നത്. ആയതിനാൽ രോഗികൾക്ക് പുറത്തുനിന്ന് മരുന്ന് വാങ്ങേണ്ട ആവശ്യം വരുന്നില്ല. ജനറിക് നെയിമിനോടൊപ്പം ബ്രാൻഡ് നെയിം കൂടി എഴുതുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വ്യക്തമാക്കുമോ ; | (ഡി) സർക്കാർ മെഡിക്കൽ കോളേജിലൂടെയും മൂന്ന് ജനറൽ ആശുപത്രികളിലൂടെയും വിതരണം നടത്തുന്ന ജനറിക് മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചും കോർപ്പറേഷൻ തിരഞ്ഞെടുത്തിട്ടുള്ള NABL - Accreditation ഉള്ള 8 ലാബുകളിൽ അയച്ച് നിശ്ചിത ഗുണനിലവാര - പരിശോധന ഉറപ്പ് വരുത്തുന്നുണ്ട്. പരാതി വരുന്ന സന്ദർഭങ്ങളിൽ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലാബിലും അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |

---

| | |
|---|---|
| | ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ. ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന മരുന്ന് കമ്പനികൾക്കെതിരെ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഇ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) ഏതു മരുന്നു കമ്പനിക്കും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്റ്റീസ് (ജി.എം.പി) സമ്പ്രദായം ഉണ്ടെങ്കിൽ മാത്രമേ ഉൽപ്പാദന ലൈസൻസ് നൽകാറുള്ളൂ. ഗുണനിലവാര പരിശോധന ഇല്ലാത്ത പക്ഷം ജി.എം.പി. സർട്ടിഫിക്കറ്റ് നൽകാറില്ല. ആയതിനാൽ തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പുവരുത്താതെ മരുന്നു കമ്പനികൾക്ക് മരുന്നുകൾ വിപണിയിൽ എത്തിക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് മരുന്നുകളുടെ റാൻഡം സാമ്പിളുകൾ എടുക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി പരിശോധനയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനിക്കാർക്കും വിതരണക്കാർക്കുമെതിരെ നിയമനടപടികൾ/വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2010-ൽ 36 കമ്പനികൾക്കെതിരെയും, 2011-ൽ 29 കമ്പനികൾക്കെതിരെയും 2012-ൽ 23 കമ്പനികൾക്കെതിരെയും വകുപ്പുതല/നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ